കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം മൂവാറ്റുപുഴ നഗരസഭയിൽ നിന്നും 31.05.2012 ൽ റിട്ടയർ ചെയ്ത ശ്രീ.റ്റി.എ.റഷീദ് ഹെൽത്ത് ഇൻസ്പെക്ടർ-ന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1398/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 01/04/2016.

---

പരാമർശം :
1. ശ്രീ.റ്റി.എ.റഷീദിന്റെ 16/07/2012 ലെ അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 19/09/2012,08/06/2015 തീയതികളിലെ ഡി.സി.1/13484/12 നമ്പർ കത്തുകൾ

ഉത്തരവ്

മൂവാറ്റുപുഴ നഗരസഭയിൽ നിന്നും 31.05.2012 ൽ റിട്ടയർ ചെയ്ത ശ്രീ.റ്റി.എ.റഷീദ് ഹെൽത്ത് ഇൻസ്പെക്ടർ-ന്റെ കിഡ്നി സംബന്ധമായ അസുഖത്തിന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ചെലവായ തുക റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് മേൽ 2-ാമതായി വായിച്ച കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂവാറ്റുപുഴ നഗരസഭയിൽ നിന്നും 31.05.2012 ൽ റിട്ടയർ ചെയ്ത ശ്രീ.റ്റി.എ.റഷീദിന്റെ കിഡ്നി സംബന്ധമായ അസുഖത്തിന് 05.01.2012 മുതൽ 29.03.2012 വരെയും 9.9.2012 മുതൽ 28.05.2012 വരെയും എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ചെലവായ തുകയ്ക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന തുകയുടെ 80% പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും ടി തുക മൂവാറ്റുപുഴ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അനുവദിച്ചു നൽകാവുന്നതാണെന്ന നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റന്റൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്യുന്നതിന് മൂവാറ്റുപുഴ നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.ബിന്ദുകുമാർ,

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
സെക്രട്ടറി,മൂവാറ്റുപുഴ നഗരസഭ.
ശ്രീ.റ്റി.എ.റഷീദ്,ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ(റിട്ട) , മൂവാറ്റുപുഴ നഗരസഭ.
(സെക്രട്ടറി, മൂവാറ്റുപുഴ നഗരസഭാമുഖേന )
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.